നമ്പർ. എച്ച്(1)/44875/09/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,.
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം 12
തീയതി : 15/09/2009

# വിജ്ഞാപനം

**വിഷയം :- പൊതുവിദ്യാഭ്യാസം -എൽ.എസ്.എസ് പരീക്ഷ 2009-2010 വർഷം നടത്തുന്നത് - സംബന്ധിച്ച്.**

**സൂചന :- വിദ്യാഭ്യാസ ഡയറക്ടറുടെ 06-10-2001 ലെ ഉത്തരവ്.**

2009-10 അദ്ധ്യയന വർഷത്തെ എൽ.എസ്.എസ്. പരീക്ഷ **2010 ജനുവരി 23-ാം തീയതി ശനിയാഴ്ച** തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് രാവിലെ 10 മണി മുതൽ നടക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത വിദ്യാലയങ്ങളിൽ ഈ അദ്ധ്യയന വർഷം നാലാം തരത്തിൽ പഠിക്കുന്നവരും അർദ്ധവാർഷിക മൂല്യനിർണ്ണയത്തിൽ എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് ബി ഗ്രേഡ് നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ് പരീക്ഷ എഴുതാവുന്നതാണ്. ഓരോ വിദ്യാലയത്തിൽ നിന്നും പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ്, വിദ്യാർത്ഥി ഒന്നിന് 10 രൂപ (എസ്.സി/ എസ്.റ്റി വിഭാഗം 5 രൂപ) വീതം രജിസ്ട്രേഷൻ ഫീസിനത്തിൽ സമാഹരിക്കുന്ന തുക സഹിതം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ 2009 ഡിസംബർ 10-ാം തിയതിക്കകം ഹെഡ്മാസ്റ്റർമാർ ഏൽപ്പിക്കേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ഡയറ്റ് പ്രിൻസിപ്പലും കൂടിയാലോചിച്ച് പരീക്ഷാകേന്ദ്രങ്ങൾ നിശ്ചയിക്കേണ്ടതാണ്.

ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു പരീക്ഷാ കേന്ദ്രമാണുണ്ടാവുക. കുട്ടികൾ എണ്ണത്തിൽ കൂടുതൽ ഉണ്ടെങ്കിൽ രണ്ടാമതൊരു പരീക്ഷാ കേന്ദ്രം കൂടി അനുവദിക്കാവുന്നതാണ്. ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ് സൂപ്രണ്ടിനെയും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെയും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമിക്കുന്നതാണ്.

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഹെഡ്മാസ്റ്റർമാരിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ ഫാറങ്ങൾ 2009 ഡിസംബർ 15-ന് മുമ്പായി ഡയറ്റ് പ്രിൻസിപ്പൽമാരെ ഏൽപ്പിക്കേണ്ടതും ഡയറ്റ് പ്രിൻസിപ്പൽമാർ ഡിസംബർ 31-ാം തീയതിക്കു മുമ്പായി ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ്, മൊത്തം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം സഹിതം പരീക്ഷാഭവനിലേയ്ക്ക് അയച്ചു തരേണ്ടതാണ്. വിതരണം ചെയ്യുന്ന ഫാറത്തിൽ രജിസ്റ്റർ നമ്പരുകൾ നൽകി, ഹാൾ ടിക്കറ്റുകൾ തയ്യാറാക്കി നൽകുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിനായിരിക്കും. ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിന് അതാത് ഡയറ്റ് പ്രിൻസിപ്പലും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും മേൽനോട്ടം വഹിക്കേണ്ടതാണ്.

**എൽ.എസ്.എസ് പരീക്ഷയുടെ ടൈംടേബിൾ ചുവടെ ചേർക്കുന്നു.**

## പരീക്ഷാ തീയതി 23/01/2010

| | |
|---|---|
| **രാവിലെ 9.30 മണിക്ക്** | **റിപ്പോർട്ടിംഗ്** |
| **രാവിലെ 10.00 മുതൽ 12.30 വരെ** | **ഭാഷ - മലയാളം/തമിഴ്/കന്നഡ<br>ഗണിതം** |
| **ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ<br>എഴുത്ത്, വാചാപരീക്ഷ** | **പരിസര പഠനം,<br>അഭിമുഖം (എന്റെ പുസ്തകങ്ങൾ വിലയിരുത്തൽ, പ്രോജക്ട് മുതലായവ)** |

എഴുത്തു പരീക്ഷ എല്ലാ പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ശേഷി പരിശോധിക്കപ്പെടുന്നതും നാലാ തരം വരെ നേടേണ്ട മുഴുവൻ പ്രവർത്തനങ്ങളെ അധികരിക്കുന്നതുമായ ചോദ്യങ്ങൾ/ പ്രവർത്തനങ്ങൾ അടങ്ങിയതാവും.

**രാവിലെ 5 പ്രവർത്തനങ്ങളും ഉച്ചയ്ക്ക്ശേഷം 6 പ്രവർത്തനങ്ങളും (എന്റെ പുസ്തകം അടക്കം) ആണ് ഉണ്ടാവുക. രാവിലത്തെ പരീക്ഷയിൽ കുറഞ്ഞത് 3 പ്രവർത്തനങ്ങൾക്കെങ്കിലും എ ഗ്രേഡ് ലഭിക്കണം; അതിൽ ഒന്നെങ്കിലും നിർബന്ധമായും ഗണിതത്തിനാവണം. ഉച്ചയ്ക്ക് ശേഷമുള്ള 6 പ്രവർത്തനങ്ങളിൽ ഒന്ന് സ്വയംനിയന്ത്രിത പ്രവർത്തനമാണ്. ഇത് മൂല്യനിർണ്ണയത്തിന് വിധേയമാക്കേണ്ടതില്ല. ശേഷിക്കുന്ന 5 പ്രവർത്തനങ്ങളിൽ (എന്റെ പുസ്തകം അടക്കം) ചുരുങ്ങിയത് 3 എണ്ണത്തിനെങ്കിലും എ ഗ്രേഡ് ലഭിക്കണം. അതിൽ ഒന്നെങ്കിലും പരിസരപഠന പ്രവർത്തനത്തിനായിരിക്കണം. ഈ രീതിയിൽ എ ഗ്രേഡ് ലഭിച്ച കുട്ടികളാണ് എൽ.എസ്.എസിന് അർഹത നേടുക.**

20 വിദ്യാർത്ഥികളാവും സാധാരണ ഒരു ക്ലാസ് മുറിയിൽ പരീക്ഷയ്ക്കിരിക്കുക. ഓരോ മുറിയിലേയ്ക്കും നടത്തിപ്പിനായി (മൂല്യനിർണ്ണയം, പ്രവർത്തന മേൽനോട്ടം) രണ്ടു ഇൻവിജിലേറ്റർമാർ വീതമാണ് ഉണ്ടാവുക. ഇതിനായി സമീപ പഞ്ചായത്തിലെ സ്കൂളിൽ നിന്നുള്ള അദ്ധ്യാപകരെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ നിയോഗിക്കേണ്ടതാണ്. എന്തെങ്കിലും പരാതികൾ ഉന്നയിക്കപ്പെട്ടാൽ ബന്ധപ്പെട്ട ഡയറ്റ് അധികാരികളുടെ തീരുമാനം അന്തിമമായിരിക്കും.

ഓരോ കേന്ദ്രത്തിലെയും ഉത്തരക്കടലാസുകൾ പരീക്ഷാ ദിവസം തന്നെ ബന്ധപ്പെട്ട മറ്റ് റിക്കാർഡുകളോടൊപ്പം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ ചീഫ് സൂപ്രണ്ടുമാർ എത്തിക്കേണ്ടതാണ്. (സ്കോളർഷിപ്പിന് യോഗ്യത നേടിയ കുട്ടികളുടെ ഉത്തരക്കടലാസലുകൾ പ്രത്യേകം കെട്ടി ഇതിനോട് ഒന്നിച്ചുവെയ്ക്കേണ്ടതാണ്). പൂരിപ്പിച്ച **എ, ബി, സി ഫോമുകൾ** സീൽ ചെയ്ത് അന്നുതന്നെ ഡയറ്റ് പ്രിൻസിപ്പാൾക്ക് അയയ്ക്കേണ്ടതാണ്.

പ്രസ്തുത രീതിയിൽ എൽ.എസ്.എസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ചുള്ള വിശദമായ നിർദ്ദേശങ്ങൾ ഡയറ്റ് പ്രിൻസിപ്പൽമാർ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവർക്ക് മാർഗ്ഗനിർദ്ദേശരേഖ ഫോറങ്ങളോടൊപ്പം ഈ ആഫീസിൽ നിന്നും നൽകുന്നതാണ്.

**പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി**